പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3351 | 16.12.2015 ലെ മറുപടിയ്ക്ക്

## കർഷക കടാശ്വാസ കമ്മീഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ.പി.ജയരാജൻ<br>ശ്രീ. കെ.കെ.ജയചന്ദ്രൻ<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. സി.കൃഷ്ണൻ | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | കർഷക കടാശ്വാസ കമ്മീഷന്റെ കാലാവധി എത്ര വർഷത്തേയ്ക്ക് ദീർഘിപ്പിക്കുവാൻ തീരുമാനിച്ചെന്ന് വ്യക്തമാക്കാമോ ; | (എ) | സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ കാലാവധി 2015 മേയ് 21-ാം തീയതി മുതൽ മൂന്ന് വർഷത്തേയ്ക്ക് ദീർഘിപ്പിച്ചിട്ടുണ്ട്. |
| (ബി) | കാലവർഷക്കെടുതിയിൽ കൃഷിനാശം സംഭവിച്ച കർഷകരെ ആത്മഹത്യയിൽ നിന്നും രക്ഷിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (ബി) | പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF)നിന്ന് ധനസഹായം നൽകുന്നുണ്ട്. കൂടാതെ കൃഷി നശിച്ച കർഷകർക്ക് വീണ്ടും വിതയ്ക്കുന്നതിനായി " കണ്ടിജൻസി പ്രോഗ്രാം ടു മീറ്റ് നാച്ചുറൽ കലാമിറ്റി" എന്ന പദ്ധതി പ്രകാരം സൗജന്യ നിരക്കിൽ വിത്ത് നൽകുന്നുണ്ട്.<br>11-06-2012-ലെ സ.ഉ.(എംഎസ്.) നം. 239/2012/ഡിഎംഡി ഉത്തരവ് പ്രകാരം നിശ്ചയിച്ചിരുന്ന നിരക്കിലാണ് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF)നിന്ന് ധനസഹായം നൽകിയിരുന്നത്. SDRF - ൽ നിന്ന് ധനസഹായം നൽകുന്നതിന്റെ മാനദണ്ഡം അതത് കാലത്ത് കേന്ദ്രസർക്കാർ പരിഷ്കരിക്കാറുണ്ട്. അതനുസരിച്ച് 01-03-2013 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 25-10-2013-ലെ ജി.ഒ.(എംഎസ്.) നം. 470/2013/ഡിഎംഡി ഉത്തരവും ഇതേ രീതിയിൽ തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും പ്രകാരം, കൃഷിനാശത്തിന് നൽകി വന്നിരുന്ന ധനസഹായത്തിൽ കുറവ് വരികയുണ്ടായി. ആയത് നികത്തുന്നതിന് ആവശ്യമായ തുക കൃഷി വകുപ്പിന്റെ ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിന് 01.04.2015 മുതൽ പ്രാബല്യത്തിൽ ഉത്തരവായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**